"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഞ്ചേശ്വരം ഉപജില്ല സ്കൂൾ കലോത്സവം - തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3038/2022/LSGD തീയതി,തിരുവനന്തപുരം, 07-12-2022

---

പരാമർശം:- 1.മഞ്ചേശ്വരം ഉപജില്ലാ സ്കൂൾ കലോത്സവം ഓർഗനൈസിംഗ് കമ്മിറ്റിയുടെ 2-11-22 ലെ അപേക്ഷ
2.ശ്രീ. എ.കെ.എം അഷ്റഫ് എം.എൽ.എയുടെ 03.11.2022, 11.11.2022 എന്നീ തീയതികളിലെ കത്തുകൾ.

**<u>ഉത്തരവ്</u>**

2022 നവംബർ 22 മുതൽ 25 വരെ മിയാപ്പദവ് എസ്.വി.വി.എച്ച്.എസ്.എസ്, വി.എ.യു.പി.എസ് എന്നീ സ്കൂളുകളിലായി നടത്തുന്ന മഞ്ചേശ്വരം ഉപജില്ല സ്കൂൾ കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള പരാമർശം (1) അപേക്ഷ, ശ്രീ. എ.കെ.എം അഷ്റഫ് എം.എൽ.എ പരാമർശം(2)പ്രകാരം ശുപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഞ്ചേശ്വരം ഉപജില്ല സ്കൂൾ കലോത്സവത്തിന് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മഞ്ചേശ്വരം, മംഗൽപാടി, വൊർക്കാടി, മീഞ്ച, പൈലിഗെ, കുമ്പള എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 30,000/- രൂപ (മുപ്പതിനായിരം രൂപ) വീതം തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രസിഡന്റ്/സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ചെയർമാൻ, മഞ്ചേശ്വരം ഉപജില്ലാ സ്കൂൾ കലോൽസവം സംഘാടക സമിതി
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sheeba Beegom.a.m**
**Date: 08-12-2022 09:33:00**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിക്ക്